സഫ കെ. വാണിയമ്പലം, അൽജാമിഅ ശാന്തപുരം

# ഒറ്റക്കായിപ്പോവുമ്പോൾ സൂക്ഷിക്കേണ്ടത്

عَنْ ثَوْبَانَ رَضِي الله عَنْه قَال: قَال النَّبِيِّ ـ صلى الله عليه وسلم :لأَعْلَمَنَّ أَقْوَامًا مِنْ أُمَّتِي يَأْتُون يَوْمَ الْقِيَامَةِ بِحَسَنَاتٍ أَمْثَالِ جِبَالِ تِهَامَةَ بِيضًا فَيَجْعَلُهَا اللَّهُ هَبَاءً مَنْثُورًا. قَالَ ثَوْبَانُ رَضِي الله عَنْه: يَا رَسُولَ اللَّهِ صِفْهُمْ لَنَا جَلِّهِمْ لَنَا أَنْ لاَ نَكُونَ مِنْهُمْ وَنَحْنُ لاَ نَعْلَمُ . قَالَ: أَمَا إِنَّهُمْ إِخْوَانُكُمْ وَمِنْ جِلْدَتِكُمْ وَيَأْخُذُونَ مِنَ اللَّيْلِ كَمَا تَأْخُذُونَ وَلَكِنَّهُمْ قَوْمٌ إِذَا خَلَوْا بِمَحَارِمِ اللَّهِ انْتَهَكُوهَا (ابن ماجه فى السنن)

**സൗബാനി(റ)ൽനിന്ന്. നബി(സ) പറഞ്ഞു: 'അന്ത്യനാളിൽ തിഹാമ പർവതത്തോളം നന്മകളുമായി എന്റെ സമുദായത്തിലെ ആളുകൾ വരുമെന്ന് എനിക്ക് നിശ്ചയമായും അറിയാം. അപ്പോൾ അല്ലാഹു അതിനെ ചിതറിപ്പടർന്ന പൊടിപടലമാക്കി മാറ്റും.' സൗബാൻ പറഞ്ഞു: 'റസൂലേ, അവരുടെ സ്വഭാവമെന്തെന്ന് ഞങ്ങൾക്ക് കൂടുതൽ വിശദമാക്കി പറഞ്ഞു തന്നാലും. അറിയാതെ ഞങ്ങൾ അത്തരക്കാരിൽ പെട്ടു പോകാതിരിക്കാനാണ്.' നബി(സ) പറഞ്ഞു: 'ഇത്തരക്കാർ നിങ്ങളുടെ സഹോദരന്മാരും വംശക്കാരും തന്നെയാണ്. നിങ്ങളെപ്പോലെ രാത്രി ഇബാദത്തുകളിൽ മുഴുകുന്നവർ. എന്നാൽ ഇവർ ഒറ്റക്കായിപ്പോയാലോ, അല്ലാഹു വെച്ച പരിധികളൊക്കെ ലംഘിക്കുകയും ചെയ്യും' (ഇബ്നുമാജ. അൽബാനി *സ്വഹീഹ്* എന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു).**

വളരെയധികം ശ്രദ്ധപതിയേണ്ട നബിവചനമാണിത്. അല്ലാഹു നാളെ വിചാരണ ചെയ്യുന്ന സമയത്ത് ഓരോരുത്തരും എന്റെ പ്രവർത്തനങ്ങൾ, എന്റെ സൽക്കർമങ്ങൾ എന്നെല്ലാം അഭിമാനിച്ച് അല്ലാഹുവിനെ അഭിമുഖീകരിക്കുമ്പോൾ സംഭവിക്കാനിരിക്കുന്ന തകിടംമറിച്ചിലാണ് ഇതിൽ ചിത്രീകരിച്ചിരിക്കുന്നത്. ഈ കർമങ്ങൾ ഒരുപക്ഷേ തിഹാമ പർവതത്തോളം, നമ്മുടെ ഭാഷയിൽ ഹിമാലയത്തോളം ഉണ്ടായെന്നുവരും. അതിന്റെ പേരിൽ ഒരുപാട് അഭിനന്ദനങ്ങൾ അയാൾ ഏറ്റുവാങ്ങിയിട്ടുണ്ടാവാം. പക്ഷേ ഈ കർമകൂമ്പാരങ്ങളെ സൂക്ഷ്മ പരിശോധന നടത്തുമ്പോഴാണ് അവയൊന്നും അല്ലാഹു നിശ്ചയിച്ച മാനദണ്ഡപ്രകാരമുള്ളതല്ല എന്ന് വ്യക്തമാവുക. അല്ലാഹുവിന്റെയടുക്കൽ ഒരു വിലയും ആ കർമങ്ങൾക്ക് ഉണ്ടാവില്ല. ധൂളി കണക്കെ അവയെ പറത്തിവിടും എന്നു പറഞ്ഞത് അതുകൊണ്ടാണ്.

മറ്റൊരു കാര്യവും കൂടി ഇവിടെ സൂചിപ്പിക്കുന്നു. കർമങ്ങൾ പാഴായിപ്പോയ ഇത്തരം വ്യക്തികൾ മറ്റുള്ളവരുടെ മുമ്പിൽ മാന്യന്മാരായിരിക്കും. പ്രത്യക്ഷത്തിൽ എല്ലാ ആരാധനാകർമങ്ങളും ഭംഗിയായി അനുഷ്ഠിക്കുന്നവരുമായിരിക്കും. പക്ഷേ, ഇത്തരക്കാർ ഒറ്റക്കായിരിക്കുമ്പോൾ, അല്ലാഹു തന്നെ കാണുന്നുണ്ടെന്ന വിചാരമേ ഇല്ലാതെ അവൻ ഹറാമാക്കിയ കാര്യങ്ങൾ അവർ സ്വയം തന്നെ ഹലാലാക്കിക്കളയും. മറ്റാരുടെയും ശ്രദ്ധയിൽപെടില്ലെന്നു കണ്ടാൽ എന്ത് വേണ്ടാത്തരങ്ങൾ ചെയ്യാനും അവർക്ക് മടിയുണ്ടാവില്ല. ഇന്റർനെറ്റും സോഷ്യൽ മീഡിയയും സ്മാർട്ട് ഫോണുകളും ജീവിതം അടക്കിഭരിക്കുന്ന ഇക്കാലത്ത് ഹദീസിൽ മുന്നറിയിപ്പ് നൽകപ്പെട്ട വീഴ്ചകൾ സംഭവിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. ഒരു വ്യക്തിമാത്രമല്ല, രണ്ടും മൂന്നും വ്യക്തികൾ കൂട്ടുകൂടുമ്പോഴും ഇതൊക്കെ സംഭവിക്കാം. ഒറ്റക്കായിരിക്കുമ്പോൾ താനും തന്റെ ഫോണും മാത്രമേയുള്ളൂ എന്ന ചിന്തയാൽ ചെയ്യാൻ പാടില്ലാത്ത പലതും ഒരാൾ ചെയ്തുപോകാൻ സാധ്യത കൂടുതലാണ്.

ഖുർആൻ പറയുന്നു: ''അങ്ങനെ എല്ലാവരും അവിടെ എത്തിച്ചേർന്നാലോ, ഇഹത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതെന്താണെന്നതിന് അവരുടെ കണ്ണുകളും കാതുകളും ശരീര ചർമങ്ങളും അവർക്കെതിരിൽ സാക്ഷി പറയുന്നു'' (41:20). അതായത്, മനുഷ്യൻ തിന്മകൾ ചെയ്യാൻ ഉപയോഗപ്പെടുത്തിയ അവന്റെ തന്നെ അവയവങ്ങളാണ് അവനെതിരെ സാക്ഷികളായി ഹാജരാക്കപ്പെടുക. ചെയ്തതൊന്നും നിഷേധിക്കാനാവുകയില്ല. ഈ എതിർസാക്ഷ്യങ്ങൾ മുന്നോട്ടു പോകുന്ന മുറക്ക് അവന്റെ അക്കൗണ്ടിലുള്ള നന്മകളെല്ലാം പൊടിഞ്ഞില്ലാതാവുമെന്ന താക്കീതാണ് ഈ ഹദീസ് നൽകുന്നത്.